**ശ്ലീഹാക്കാലം ഏഴാം ഞായർ**

**ലൂക്കാ 13:22–30**

## കൃപയുടെ വാതിലുകളടയുംമുമ്പേ...

**റവ.ഡോ. ജേക്കബ് ചാണിക്കുഴി**

രക്ഷ പ്രാപിക്കുന്നവരുടെ എണ്ണത്തെക്കുറിച്ചുള്ള ചോദ്യവുമായാണ് ഇന്നത്തെ സുവിശേഷം ആരംഭിക്കുന്നത്. ആരൊക്കെ രക്ഷപ്രാപിക്കും എന്നത് പലരുടെയും അന്വേഷണത്തിന്റെ വിഷയമാണ്. അവർ നല്കുന്ന ഉത്തരങ്ങളും വ്യത്യസ്തമാണ്. ദൈവം കാരുണ്യവാനാകയാൽ അവസാനം എല്ലാവരും രക്ഷ പ്രാപിക്കും എന്നു വിശ്വസിക്കുന്നവരുണ്ട്. എന്നാൽ, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ചെറിയ ഗണം മാത്രമേ രക്ഷിക്കപ്പെടുകയുള്ളൂവെന്നു ചിന്തിക്കുന്നവരുമുണ്ട്. യേശു ഈ ചോദ്യത്തിന് കൃത്യമായ ഉത്തരം പറയുന്നില്ല എന്നത് ശ്രദ്ധേയമാണ്. എത്ര പേർ രക്ഷ പ്രാപിക്കുമെന്നല്ല, രക്ഷ പ്രാപിക്കാൻ നാം എന്തു ചെയ്യണമെന്നാണ് മറുപടിയായി യേശു വിശദീകരിക്കുന്നത്.

**യേശുവാകുന്ന വാതിൽ:** ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ പരിശ്രമിക്കുവിൻ എന്നാണ് യേശു ഉപദേശിക്കുന്നത്. യേശുവാണ് ആടുകളുടെ വാതിൽ (യോഹ 10:7) യേശുവാകുന്ന വാതിലിലൂടെ പ്രവേശിക്കുന്നവർക്കു മാത്രമേ സ്വർഗമാകുന്ന ആലയിൽ സുരക്ഷിതമായി എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. യേശുവാകുന്ന വാതിലിലൂടെ കടക്കുക എന്നാൽ, അവിടുത്തെ ഇഷ്ടമനുസിച്ചു ജീവിക്കാൻ പരിശ്രമിക്കുക എന്നാണർത്ഥം. പക്ഷേ, അത് എളുപ്പമുള്ള കാര്യമല്ല. അതുകൊണ്ടാണ് പരിശ്രമിക്കുക എന്ന് യേശു കൃത്യമായി പറയുന്നത്. പരിശ്രമിക്കുക എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് അഗോണിസ്റ്റേസ്ത്തെ എന്നതാണ്. വലിയ ഹൃദയവ്യവസ്ഥയെയും കഠിനമായ അധ്വാനത്തെയുമൊക്കെ സൂചിപ്പിക്കുന്ന വാക്കാണിത്. നിരന്തരമായി അധ്വാനിക്കുവാനും ഹൃദയവ്യഥയുളവാക്കുന്ന പല തീരുമാനങ്ങളെടുക്കാവാനും തയ്യാറാകുന്നവർക്കു മാത്രമാണ് യേശുവാകുന്ന വാതിലിലൂടെ കടക്കാൻ സാധിക്കുകയുള്ളൂ. വിശുദ്ധിയിലേക്കും സ്വർഗത്തിലേക്കുമുള്ള കുറുക്കുവഴിയാകുന്ന ദൈവസ്നേഹവും പരസ്നേഹവും നമ്മെ പല ത്യാഗങ്ങളും ഏറ്റെടുക്കാൻ നിർബന്ധിക്കും. ഉദാത്തമായ സ്നേഹത്തിന്റെ വഴിയിൽ യാത്ര തുടരാൻ നമ്മുടെ പാപച്ചായ്‌വുകളോടുള്ള സഹനപൂർണമായ പോരാട്ടം അത്യന്താപേക്ഷിതമാണ്.

**അനേകരുടെ വിഫലശ്രമം:** അനേകം പേർ ഈ വാതിലിലൂടെ കടക്കാൻ ശ്രമിക്കുമെന്ന് യേശു വ്യക്തമാക്കുന്നു. യേശുവിനെ ഇഷ്ടപ്പെടുന്ന, വിശുദ്ധ ജീവിതം ആഗ്രഹിക്കുന്ന വളരെയധികം പേരുണ്ട്. ദൈവവചനം വായിക്കാനും പഠിക്കാനും താത്പര്യമുള്ളവർ വളരെയാണ്. എന്നാൽ, അനുദിനജീവിതത്തിൽ ദൈവവചനം പ്രായോഗികമാക്കേണ്ടി വരുന്ന ഘട്ടത്തിൽ അവർ പിന്നോക്കം പോകുന്നു. യേശുവിനു സാക്ഷ്യം നല്കുന്നതിനായി നഷ്ടങ്ങളും ത്യാഗങ്ങളുമേല്ക്കേണ്ടി വരുമ്പോൾ അവർ ഭയന്നു പിന്മാറുന്നു.

**വാതിൽ അടച്ചുകഴിഞ്ഞാൽ:** സഹനപൂർണമായ നമ്മുടെ പരിശ്രമങ്ങളിൽ നാം ഒരിക്കലും ഒറ്റയ്ക്കല്ല. നാം ഭൂമിയിൽ ജീവിച്ചിരിക്കുന്നിടത്തോളം കാലം തന്റെ കൃപയുടെ വാതിലുകൾ നമുക്കായി തുറന്നിട്ടിരിക്കുന്നവനാണ് നമ്മുടെ ദൈവം. നമ്മളുമായി ഇടപഴകുന്ന വ്യക്തികൾ, നമ്മുടെ ജീവിതസാഹചര്യങ്ങൾ, ജീവിതാനുഭവങ്ങൾ, ദൈവവചനം, സർവോപരി വിശുദ്ധ കൂദാശകൾ എന്നിവയിലൂടെ ദൈവം തന്റെ കൃപ നമ്മിലേയ്ക്ക് അനുസ്യൂതം ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ നമ്മുടെ ഓരോരുത്തരുടെയും മരണത്തോടെ കൃപയുടെ ഈ വാതിലുകൾ അടയ്ക്കപ്പെടുന്നു. അതുവരെ ദൈവകൃപ നിരസിച്ചു കൊണ്ടിരിക്കുന്നവർക്ക് തുടർന്ന് കൃപ സ്വീകരിക്കാൻ മാർഗമില്ലാതാകുന്നു എന്നു സാരം.

നാം ഭൂമിയിലായിരിക്കുന്നിടത്തോളം കാലം ദൈവം നമ്മിലേയ്ക്കു വർഷിച്ചു കൊണ്ടിരിക്കുന്ന കൃപകൾ കൃതജ്ഞതാപൂർവം സ്വീകരിച്ച് യേശുവാകുന്ന വാതിലിലൂടെ ദൈവപിതാവിന്റെ സന്നിധി ലക്ഷ്യമാക്കി നീങ്ങാൻ ദൈവകൃപ തന്നെ നമ്മെ ശക്തിപ്പെടുത്തട്ടെ.